## കരുത്തുറ്റ ഭാവിക്കായി കതിർ



ആദിവാസി യുവജനങ്ങൾക്ക് പുതിയ സാധ്യതകളും അവസരങ്ങളും പരിചയപ്പെടുത്താനും അറിവും ആത്മവിശ്വാസവും നേതൃത്വ പാടവവും വർദ്ധിപ്പിക്കാനും തൊഴിൽ സംരംഭങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണ് കതിർ. ആദിവാസി യുവജനങ്ങളിലൂടെ സാമൂഹ്യമാറ്റം സാധ്യമാകുമെന്ന് നീതിവേദി ഉറച്ച് വിശ്വസിക്കുന്നു.

## കനൽ
## കലയും കഴിവും വളർത്താൻ



ചാരംമൂടിയ കനൽപോലെ ആദിവാസി കുട്ടികളുടെ മനസ്സിന്റെ ഉള്ളറകളിൽ ഉറങ്ങിക്കിടക്കുന്ന പ്രതിഭ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുന്ന പരിപാടിയാണ് കനൽ. ബുദ്ധിശക്തിയും കലാനൈപുണ്യവും നേതൃത്വപാടവവും മൂല്യബോധവുമുള്ള പൗരന്മാരായി ആദിവാസി കുട്ടികളെ വളർത്തിയെടുക്കുകയാണ് ലക്ഷ്യം.

## ഉണർവ്വ്
## പഠനകളരി



വിദ്യാലയങ്ങളിൽ നിന്നുള്ള ആദിവാസി കുട്ടികളുടെ ക്രമാതീതമായ കൊഴിഞ്ഞു പോക്കിനുള്ള പ്രതിവിധി ആയിട്ടാണ് തിരഞ്ഞെടുക്കപ്പെട്ട ആദിവാസി ഊരുകളിൽ പഠനക്കളരികൾ ആരംഭിച്ചത്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ വികസനം സാധ്യമാകൂ എന്ന ബോധ്യത്തോടെ ഊരുകളിൽ കുട്ടികളുടെ അനുദിന പഠന പ്രക്രിയയിൽ കൈത്താങ്ങാവുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## ഡോക്യുമെന്റേഷൻ



ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ, നിയമസംവിധാനങ്ങൾ, പരിസ്ഥിതി തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പുസ്തകങ്ങൾ, ലേഖനങ്ങൾ, പത്രവാർത്തകൾ, ഫോട്ടോകൾ, മറ്റ് രേഖകൾ എന്നിവ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് സൂക്ഷിച്ച് വെയ്ക്കുന്നു. പഠനത്തിനും ഗവേഷണങ്ങൾക്കും സഹായകമാകുന്ന ഒരു റിസോഴ്സ് സെന്ററായി നീതിവേദിയെ വളർത്തുകയാണ് ഉദ്ദേശ്യം.

## പ്രധാന പ്രവർത്തനങ്ങൾ

- നിയമബോധവത്ക്കരണം
- നിയമ സഹായം
- മനുഷ്യാവകാശ സംരക്ഷണം
- ആദിവാസി ശാക്തീകരണ പരിപാടികൾ
- വിദ്യാർത്ഥി ശാക്തീകരണ പരിപാടികൾ
- ഉപഭോക്തൃ സംരക്ഷണം
- പരിസ്ഥിതി നിയമബോധവൽക്കരണം
- ഗവേഷണ പഠനങ്ങൾ
- ഡോക്യുമെന്റേഷൻ
- കലാസാംസ്കാരിക പരിപോഷണം


**നീതിവേദി**

സുധിക്കവെല, കാക്കവെയൽ പി.ഒ.,
കൽപ്പറ്റ നോർത്ത്, വയനാട് 673 122
ഫോൺ: 04936 246788, 9496197378

E-mail : neethivedhi@gmail.com
Web: www.neethivedhi.org


JUSTICE IS NOT A FAVOUR
Neethi Vedhi
IT IS A RIGHT

# നീതിവേദി

**നീതി ഔദാര്യമല്ല...**
**അവകാശമാണ്...**






നീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടത്തിൽ അരികുചേർക്കപ്പെട്ടവരും ചൂഷണങ്ങൾക്ക് വിധേയരാക്കപ്പെട്ടവരുമായ ആദിവാസികൾ, ദളിതർ, സ്ത്രീകൾ, കുട്ടികൾ, മറ്റ് ദുർബ്ബല വിഭാഗങ്ങൾ എന്നിവർക്ക് പിൻതുണ നൽകാൻ 2003 ൽ വയനാട് ജില്ലയിൽ ആരംഭിച്ച മനുഷ്യാവകാശ സംഘടനയാണ് നീതിവേദി. പീഡനങ്ങളെയും ചൂഷണങ്ങളെയും അതിജീവിക്കുന്നവരോടൊപ്പം നിന്ന് മനുഷ്യമഹത്വത്തെ ഉയർത്തിപ്പിടിക്കുക എന്നതാണ് നീതിവേദിയുടെ ദൗത്യം. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ നിലവിലുള്ള നിയമ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനും അവകാശാധിഷ്ഠിത സമീപനത്തോടെ ഭരണകർത്താക്കളോടും ഉദ്യോഗസ്ഥരോടും ഇടപെടാനും ആളുകളെ പിന്തുണയ്ക്കാൻ നീതിവേദി ശ്രമിച്ചുവരുന്നു.




"നീതി ഔദാര്യമല്ല അവകാശമാണ്" എന്ന ആപ്തവാക്യത്തിൽ ഊന്നിക്കൊണ്ട് സമൂഹത്തിൽ നീതി നിഷേധിക്കപ്പെട്ടവർക്ക് നിയമസഹായം നൽകുക എന്നതാണ് നീതിവേദിയുടെ മുഖ്യധർമ്മം. ഇതിനായി കോടതികളെയും വിവിധ വകുപ്പുകളെയും സംവിധാനങ്ങളെയും സമീപിക്കാൻ നീതിവേദി ബന്ധപ്പെട്ടവരെ സഹായിക്കുന്നു. ഇതിനായി അഭിഭാഷകരുടെ സേവനം ലഭ്യമാണ്. പാരാലീഗൽ വർക്കർമാരിലൂടെ ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനും കക്ഷികളുമായി ബന്ധപ്പെടുവാനും നിയമസഹായ സാധ്യതകൾ അർഹരായവരിൽ എത്തിക്കുവാനും നീതിവേദി ശ്രമിക്കുന്നു.




ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളാ സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരമുള്ള സേവനദാതാവെന്ന നിലയിൽ 2008 മുതൽ നീതിവേദി പ്രവർത്തിച്ചുവരുന്നു. സ്ത്രീസൗഹൃദ നിയമങ്ങളെപ്പറ്റി ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുക എന്നത് നീതിവേദിയുടെ ചുമതലയാണ്.

## തർക്ക പരിഹാരവും സമാധാന പുനഃസ്ഥാപനവും



കുടുംബങ്ങളിലും, സമൂഹത്തിൽ പൊതുവിലും സമാധാനം നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ അനുരഞ്ജനത്തിലൂടെ തർക്കപരിഹാരം സാധ്യമാക്കുന്നതിനും ജാതി-മത-രാഷ്ട്രീയ ഭേദങ്ങൾക്കതീതമായി സത്യത്തിനും നീതിക്കും വേണ്ടി വസ്തുതകളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ നിഷ്പക്ഷമായ ഇടപെടലുകൾ നടത്താൻ പ്രാദേശിക സമാധാന കമ്മിറ്റികൾക്ക് (Peace Committee) രൂപം നൽകി വരുന്നു. മീഡിയേഷനിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനും ബന്ധങ്ങൾ പുനഃസ്ഥാപിക്കുവാനുമാണ് ഇതിലൂടെ ശ്രമിക്കുന്നത്.




നിയമത്തിന്റെ പ്രയോജനം ഫലപ്രദമായി ലഭിക്കാത്തവരെ മുന്നിൽകണ്ട് അവരിലേക്ക് ഇറങ്ങിച്ചെന്ന് പഞ്ചായത്തുകൾ, പൗരാവകാശ സംഘടനകൾ എന്നിവയുമായി സഹകരിച്ച് ആദിവാസി ഊരുകളിലും മറ്റ് ഗ്രാമങ്ങളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. വിവിധ പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ നേരിൽക്കണ്ട് നിയമസഹായം ചെയ്യുന്നതിന് ഊരുകളിലും പഞ്ചായത്തുകളിലും വിവിധ സമിതികളുടെ സഹായത്തോടെ ലീഗൽ ക്ലിനിക്കുകളും അദാലത്തുകളും സംഘടിപ്പിക്കുന്നു. പുതിയ നിയമങ്ങളും സർക്കാർ ഉത്തരവുകളും കോടതി വിധികളും ഉൾപ്പെടുത്തിക്കൊണ്ട് നിയമ ബോധവൽക്കരണ പരിപാടികൾ വിവിധ മാധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്നു.




മാനസിക സംഘർഷവും അവകാശങ്ങൾക്കായി പൊരുതാനുള്ള കരുത്തില്ലായ്മയും അനുഭവിക്കുന്നവർക്കും ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാക്കപ്പെട്ടവർക്കും സാന്ത്വനവും ശക്തിയും പകരാനും പ്രതിസന്ധികളിൽ പിന്തുണയേകാനുമായി സാന്ത്വനസൗഹൃദ ഇടപെടൽ (Human Right Befriending) നീതിവേദിയുടെ കൗൺസിലിംഗ് വിഭാഗം തുടർച്ചയായി നടത്തി വരുന്നു.